പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 7586 17.07.2012 ൽ മറുപടിയ്ക്ക്

**സാമൂഹ്യ സുരക്ഷാമിഷൻ നൽകുന്ന ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജി സുധാകരൻ** | | **ഡോ. എം.കെ. മുനീർ** (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) | |
| എ | സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതി കളുടെ വിശദാംശം നൽകുമോ ; | എ | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കി വരുന്ന ക്ഷേമ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br>__ശ്രുതി തരംഗം പദ്ധതി:__. സംസ്ഥാനത്തെ രണ്ട് ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനം ഉള്ള കുടുംബങ്ങളിലെ ബധിരരും മൂകരുമായ 0–3 പ്രായപരിധിയിലുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി കുട്ടികളുടെ ശ്രവണശേഷിയും സംസാര ശേഷിയും വീണ്ടെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. മൂന്ന് വയസ്സിന് മുകളിലുള്ള കുട്ടികളെ റീജിയണൽ ടെക്നിക്കൽ കമ്മറ്റി ശുപാർശ ചെയ്യുകയാണെങ്കിൽ പരമാവധി 5 വയസ്സുവരെ പ്രത്യേക പരിഗണന നൽകി കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതാണ്. കോക്ലിയാർ ഇംപ്ലാന്റിന്റെ വിലയും, ആഡിറ്ററി വെർബൽ ഹാബിലിറ്റേഷൻ ചാർജും ഉൾപ്പെടെ ഒരു കുട്ടിയ്ക്ക് 5 ലക്ഷത്തോളം രൂപയുടെ ആനുകൂല്യം ഈ പദ്ധതിയിലൂടെ ലഭിക്കുന്നു.<br><br>__വയോമിത്രം:__ 65 വയസ്സിനു മുകളിൽ പ്രായമുള്ളവരുടെ ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുന്നതിനു വേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതി സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനങ്ങളിലെയും കോർപ്പറേഷൻ/ മുനിസിപ്പൽ പ്രദേശങ്ങളിൽ നടപ്പാക്കി വരുന്നു. വയോമിത്രം പദ്ധതിയിൽ മെഡിസിൻ, ആംബുലൻസ് സൗകര്യം, പാലിയേറ്റീവ് ഹോംകെയർ, ഹെൽപ്പ്ഡെസ്ക് എന്നീ സേവനങ്ങൾ ലഭ്യമാണ്. നടപ്പു സാമ്പത്തിക വർഷത്തിൽ ഇടുക്കി, വയനാട് ഒഴികെയുള്ള 12 ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട ഓരോ നഗരപ്രദേശങ്ങളിൽ കൂടി പദ്ധതി ആരംഭിക്കുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | **<u>സ്നേഹസ്പർശം പദ്ധതി:</u>** അവിവാഹിതരായ അമ്മമാർക്ക് പ്രതിമാസം 1000 രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണിത്. പട്ടികവർഗ്ഗക്കാർ തുടങ്ങി എല്ലാ വിഭാഗത്തിലും പെടുന്ന അഗതികളായ അവിവാഹിത അമ്മമാർക്കും നൽകി വരുന്നു.<br><br>**<u>ആശ്വാസകിരണം പദ്ധതി:</u>** ശാരീരിക മാനസിക വെല്ലുവിളികളാൽ ശയ്യാവലംബരായവരെ പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം നൽകുന്ന ആശ്വാസകിരണം പദ്ധതി 26002 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി വരുന്നു.<br><br>**<u>സ്നേഹപൂർവ്വം പദ്ധതി:</u>** മാതാപിതാക്കൾ ആരെങ്കിലും മരിച്ചു പോകുകയും ജീവിച്ചിരിക്കുന്നയാൾക്ക് അനാരോഗ്യത്താലും, സാമ്പത്തിക പരാധീനതയാലും കുട്ടികളെ സംരക്ഷിക്കാൻ കഴിയാത്ത അവസ്ഥയിൽ ഇത്തരം കുട്ടികളെ വിദ്യാഭ്യാസപരമായും മറ്റെല്ലാ രീതിയിലും സമൂഹത്തിന്റെ മുഖ്യധാര യിലേയ്ക്ക് കൊണ്ടുവരുന്നതിനായി പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. കുട്ടിയെ സംരക്ഷിക്കുന്ന കുടുംബം ബി.പി.എൽ പട്ടികയിൽപെടുന്നവരായിരി ക്കണം. കുട്ടികൾ ഒന്നു മുതൽ 12-ാം ക്ലാസ്സു വരെ സർക്കാർ സ്കൂളിൽ പഠിക്കുന്നവർ ആയിരിക്കണം. ഇതു പ്രകാരം ഒന്നാം ക്ലാസ്സു മുതൽ 5- ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 300/- രൂപയും 6-ാം ക്ലാസ്സുമുതൽ 10-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 500/- രൂപയും, പ്ലസ്വൺ, പ്ലസ്ടു പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 750/- രൂപയും അനുവദിക്കുന്നതാണ്.<br><br>**<u>വിശപ്പുരഹിതനഗരം പദ്ധതി:</u>** നഗരങ്ങളിൽ എത്തിച്ചേരുന്നവർ ഒരു നേരത്തെ ഭക്ഷണ മെങ്കിലും കഴിച്ചിരിക്കണം എന്ന ലക്ഷ്യത്തോടു കൂടി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതി യാണിത്. ഇപ്പോൾ കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് നടപ്പാക്കി വരുന്ന ഈ പദ്ധതിയുടെ പ്രയോജനം പ്രതിദിനം 2000 പേർക്ക് ലഭിക്കുന്നുണ്ട്. നടപ്പു സാമ്പത്തിക വർഷം തന്നെ തിരുവനന്തപുരം, കൊല്ലം, മലപ്പുറം എന്നീ നഗരങ്ങളിൽ കൂടെ വിശപ്പുരഹിതനഗരം പദ്ധതി ആരംഭിക്കുന്നതി നുള്ള പ്രവർത്തനം പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | **താലോലം പദ്ധതി** :സംസ്ഥാനത്തെ 18 വയസ്സിനു താഴെ പ്രായമുള്ള മാരകരോഗ ബാധിതരായ കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട 14 ആശുപത്രികൾ വഴി സൗജന്യ ചികിൽസ നൽകുന്ന പദ്ധതിയാണ് താലോലം പദ്ധതി.<br><br>**ക്യാൻസർ സുരക്ഷാ പദ്ധതി** : സംസ്ഥാനത്തെ 18 വയസ്സിനു താഴെ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് തിരഞ്ഞെടുക്കപ്പെട്ട 12 ആശുപത്രികൾ വഴി സൗജന്യ ചികിൽസ നൽകുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷാ പദ്ധതി.<br>**സ്നേഹസാന്ത്വനം പദ്ധതി:** കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതർക്ക് 2000/- രൂപ, 1000/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയാണിത്.<br>**വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ തത്സമയ തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി:**<br>സംസ്ഥാനത്തെ അർഹരായ എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡ് നൽകുക എന്ന ലക്ഷ്യത്തോടുകൂടി പ്രാദേശികതല ക്യാമ്പുകൾ സംഘടിപ്പിച്ച് തിരിച്ചറിയൽ കാർഡും മെഡിക്കൽ സർട്ടിഫിക്കറ്റും നൽകുന്ന പദ്ധതിയാണിത്.<br><br>**സാമൂഹ്യ ക്ഷേമ സ്ഥാപനങ്ങളിൽ കെയർ പ്രൊവൈഡേഴ്സിനെ അനുവദിക്കുന്ന പദ്ധതി**<br>സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള വൃദ്ധ സദനങ്ങൾ, ആശാഭവനുകൾ എന്നീ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് പരിചരണം നൽകുന്നതിന് കൂടുതൽ കെയർഗിവേഴ്സിന്റെ സേവനം നൽകുന്ന പദ്ധതി |
| ബി | ഈ പദ്ധതികളിൽ നിന്നും ധനസഹായം നല്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ ; | ബി | **ശ്രുതി തരംഗം പദ്ധതി:** സംസ്ഥാനത്തെ രണ്ട് ലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനം ഉള്ള കുടുംബങ്ങളിലെ ബധിരരും മൂകരുമായ കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്.<br>**വയോമിത്രം:** വയോമിത്രം പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 65 വയസ്സിനു മുകളിൽ പ്രായമുള്ളവർക്കും വയോമിത്രം നടത്തുന്ന ക്ലിനിക്കുകളിൽ പങ്കെടുക്കുന്നവർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്. |

**സ്നേഹസ്പർശം പദ്ധതി** ചൂഷണത്തിന് വിധേയയായി അവിവാഹിത അവസ്ഥയിൽ അമ്മമാരായവരായിരിക്കണം ഗുണഭോക്താക്കൾ. 65 വയസ്സുവരെ പ്രായപരിധി നിശ്ചയിച്ചിട്ടുണ്ട്. ഇവർ പുനർ വിവാഹിതരായിരിക്കാൻ പാടില്ല. സർക്കാരിന്റെ മറ്റൊരു പെൻഷൻ അനുകൂല്യവും കൈപ്പറ്റുവാൻ പാടുള്ളതല്ല.

**ആശ്വാസകിരണം പദ്ധതി** ആശ്വാസ കിരണം പദ്ധതി ഗുണഭോക്താക്കൾ മറ്റു വരുമാനമില്ലാത്തവരും അപേക്ഷിക്കുന്ന മുഴുവൻ സമയ പരിചാരകന് മറ്റ് വരുമാനം പാടില്ലാത്തതും പ്രതിവർഷ കുടുംബ വരുമാനം നഗര പ്രദേശങ്ങളിൽ 22375/- രൂപയും ഗ്രാമപ്രദേശങ്ങളിൽ 20,000/- രൂപയും അധികരിക്കാത്ത വരുമായിരിക്കണം.

**സ്നേഹപൂർവ്വം പദ്ധതി** കുട്ടിയെ സംരക്ഷിക്കുന്ന കുടുംബം ബി.പി.എൽ പട്ടികയിൽ പെടുന്നവരായിരിക്കണം. കുട്ടികൾ ഒന്നു മുതൽ 12-ാം ക്ലാസ്സുവരെ സർക്കാർ സ്കൂളിൽ പഠിക്കുന്നവർ ആയിരിക്കണം.

**വിശപ്പുരഹിതനഗരം പദ്ധതി:** നഗരങ്ങളിൽ എത്തിച്ചേരുന്നവർക്ക് ഒരു നേരത്തെ ഭക്ഷണം നൽകുന്ന പദ്ധതിയാണ്. ഇതിനു പ്രത്യേകിച്ച് മാനദണ്ഡങ്ങളൊന്നുമില്ല.

**താലോലം പദ്ധതി**

18 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ മാരകരോഗങ്ങൾ ചികിത്സിക്കുന്നതിനു വേണ്ടിയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതിയാണ് ഇത്. ശസ്ത്രക്രിയ ആവശ്യമുള്ള വൃക്ക (കിഡ്നി) വൈകല്യങ്ങൾ /കാർഡിയോ വാസ്ക്കുലാർ വൈകല്യങ്ങൾ സെറിബ്രൽ പാൽസി, ഹീമോഫീലിയ, താലസ്സീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പുസംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങളും, എൻഡോസൾഫാൻ കീടനാശിനി ഉപയോഗത്തെ തുടർന്ന് കാസർഗോഡ് ജില്ലയിൽ രോഗബാധിതരായവരുടെ രോഗങ്ങൾ പരിശോധിക്കുന്നതിനും ഡയാലിസിസ് നടത്തുന്നതിനും ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവെയ്ക്കുന്നതിനും ആവശ്യമായ ചെലവുകൾ, അത്യാഹിത സന്ദർഭങ്ങളിൽ ജീവൻ രക്ഷിക്കുന്നതിനാവശ്യമായ എല്ലാ ചികിത്സയ്ക്കും സർജറിയ്ക്കും വേണ്ടുന്ന ചെലവുകൾ

| | | | |
|---|---|---|---|
| | | | സ്വന്തമായി വഹിക്കാൻ കഴിയാത്ത വിധം കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങളിലെ കുട്ടികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക.<br><br>**<u>ക്യാൻസർ സുരക്ഷാ പദ്ധതി</u>** : സംസ്ഥാനത്തെ 18 വയസ്സിനു താഴെ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികൾക്ക് വരുമാന പരിധി ബാധകമാകാതെ തിരഞ്ഞെടുക്കപ്പെട്ട 12 ആശുപത്രികൾ വഴി സൗജന്യ ചികിൽസ നൽകുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷാ പദ്ധതി.<br><br>**<u>സ്നേഹസാന്ത്വനം പദ്ധതി:</u>** കാസർഗോഡ് ജില്ലാ കളക്ടർ അംഗീകരിച്ച് തരുന്ന എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെടുന്നവർക്കാണ് ധനസഹായം അനുവദിയ്ക്കുന്നത്.<br><br>**<u>വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ തത്സമയ തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി:</u>**<br>മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുന്ന എല്ലാപേർക്കും തിരിച്ചറിയൽ കാർഡ് നൽകുന്നതാണ്. |
| സി | പ്രസ്തുത ധനസഹായത്തിനുള്ള അപേക്ഷകൾ ആർക്കാണ് സമർപ്പിക്കേണ്ടത്; അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകളാണ് ഉള്ളടക്കം ചെയ്യേണ്ടത് ; | സി | 1. **<u>ശ്രുതിതരംഗം പദ്ധതി:</u>** നിശ്ചിത മാതൃകയിലുള്ള അപേക്ഷ നേരിട്ട് കേരള സാമൂഹ്യ സുരക്ഷാ മിഷൻ ഓഫീസിൽ അയയ്ക്കേണ്ടതാണ്. അപേക്ഷയോടൊപ്പം നടത്തിയിട്ടുള്ള എല്ലാ മെഡിക്കൽ ടെസ്റ്റുകളുടെയും രേഖകളും, അപേക്ഷയോടൊപ്പമുള്ള ഫാറത്തിൽ വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഉള്ളടക്കം ചെയ്യേണ്ടതാണ്.<br>2. **<u>വയോമിത്രം പദ്ധതി:</u>** വയോമിത്രം പ്രോജക്ട് ഓഫീസിലോ, മെഡിക്കൽ ക്യാമ്പ് നടക്കുന്ന സ്ഥലങ്ങളിലോ, ഹെൽപ്പ്ലൈൻ മുഖേനയോ വയോജനങ്ങൾക്ക് ബന്ധപ്പെട്ട് പദ്ധതി ആനുകൂല്യം നേടാവുന്നതാണ്.<br>3. **<u>സ്നേഹസ്പർശം പദ്ധതി:</u>** നിശ്ചിത അപേക്ഷാ ഫാറം അംഗൻവാടികൾ വഴി ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസർക്ക് നൽകുകയും തുടർന്ന് ജില്ലാ സാമൂഹ്യ ക്ഷേമ ഓഫീസറുടെ ശുപാർശയോടെ സാമൂഹ്യ സുരക്ഷാ മിഷന് സമർപ്പിക്കേണ്ടതാണ്. |

| | | | |
|---|---|---|---|
| | | | 4. **ആശ്വാസകിരണം പദ്ധതി:** നിശ്ചിത അപേക്ഷാ ഫാറം അംഗൻവാടികൾ വഴി ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസർക്ക് നൽകുകയും ബന്ധപ്പെട്ട സൂപ്പർവൈസറുടേയും, സി.ഡി.പി.ഒ.യുടേയും ശുപാർശയോടെ സാമൂഹ്യ സുരക്ഷാ മിഷന് സമർപ്പിക്കേണ്ടതാണ്.<br>5. **താലോലം പദ്ധതി:** ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള ആശുപത്രികളിലെ താലോലം പദ്ധതിയുടെ കൗൺസിലറുമായി ബന്ധപ്പെടേണ്ടതാണ്.<br>6. **ക്യാൻസർ സുരക്ഷ:** ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള ആശുപത്രികളിലെ ക്യാൻസർ സുരക്ഷാ പദ്ധതിയുടെ കൗൺസിലറുമായി ബന്ധപ്പെടേണ്ടതാണ്.<br>7. **സ്നേഹസാന്ത്വനം:** ജില്ലാ കളക്ടർ ശുപാർശ ചെയ്യുന്ന ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ആനുകൂല്യം നൽകുന്നതാണ്. |
| ഡി) | സാമൂഹ്യ സുരക്ഷാ മിഷൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ? | ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

R. Vijayan (signature)

സെക്ഷൻ ഓഫീസർ